# പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.3298 29.01.2014-ൽ മറുപടിക്ക്.

**കായംകുളം സഹകരണ ബാങ്കിന് ഇ.എം.എസ് ഭവന പദ്ധതിയ്ക്കുള്ള വായ്പാ തുകയുടെ പലിശ നൽകുവാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ.സദാശിവൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) കായംകുളം അസംബ്ലി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കായംകുളം സഹകരണ ബാങ്ക് (ക്ലിപ്തം) നം.എ.421 ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് നൽകിയിട്ടുള്ള വായ്പാ തുകയുടെ പലിശ കരാർ പ്രകാരം സർക്കാർ നേരിട്ട് നൽകുന്നതിൽ വീഴ്ച വരുത്തി എന്ന ബാങ്കിന്റെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഈ വിഷയത്തിൻ മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (എ) & (ബി) ഇ.എം.എസ്. ഭവന പദ്ധതിയ്ക്കായി സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പയുടെ പലിശയിനത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ 30.09.2012 വരെ ബാധ്യതയായ 32,28,74,347/- രൂപയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 31.03.13 വരെ ബാധ്യതയായ 1,89,61,805/- രൂപയും, നഗരസഭകളിലും കോർപ്പറേഷനുകളിലും 31.12.2012 വരെ പലിശ ഇനത്തിൽ ബാധ്യതയായ 5,18,97,240/- രൂപയും, ജില്ലാ പഞ്ചായത്ത് തലത്തിൽ 62,66,608/- രൂപയും, മാറി നൽകുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ